# കള്ളനും
# കച്ചവടക്കാരനും



മികച്ച കച്ചവടക്കാരനാണ് പ്യാരിലാൽ. ഒരു ദിവസം അയാൾക്ക് നല്ല ലാഭം കിട്ടി. അയാൾ ചന്തയിൽ നിന്ന് മടങ്ങുമ്പോൾ കള്ളൻ സുബ്ബു പിന്തുടർന്നു. പ്യാരിലാലിന്റെ കൈയ്യിൽ പണമുണ്ട് - അത് മനസ്സിലാക്കിയ കള്ളൻ അടുത്തുകൂടി.

രാത്രിയായപ്പോൾ അവർ ഒരു സത്രത്തിൽ ചെന്നു. കള്ളൻ സുബ്ബു കിടന്നപാടെ കൂർക്കം വലിച്ച് ഉറങ്ങുന്നതായി അഭിനയിച്ചു. പ്യാരിലാലിനെ പെട്ടെന്ന് ഉറക്കാനുള്ള സൂത്രമായിരുന്നു അത്.

പ്യാരിലാൽ ഉറങ്ങിയതോടെ സുബ്ബു എഴുന്നേറ്റ് തിരച്ചിൽ തുടങ്ങി. പക്ഷേ, ഭാണ്ഡവും മടിക്കുത്തും തലപ്പാവുമെല്ലാം പരിശോധിച്ചിട്ടും ചില്ലി കാശുപോലും കണ്ടെത്താനായില്ല!

അയാൾ നിരാശനായി കിടന്നുറങ്ങി.

നേരം വെളുത്തപ്പോൾ സുബ്ബു പ്യാരിലാലിനോടു ചോദിച്ചു.

"കച്ചവടം ലാഭമായിരുന്നോ?" "നല്ല ലാഭം!" പ്യാരി പറഞ്ഞു. 'ശെടാ... എന്നിട്ട് ആ പണമെല്ലാം ഇയാൾ എവിടെ ഒളിപ്പിച്ചിരിക്കുന്നു?' സുബ്ബു ആലോചിച്ചു.

സുബ്ബു അന്ന് രാത്രിയും പ്യാരിലാലിനോടൊപ്പം സത്രത്തിൽ അന്തിയുറങ്ങാ

ൻ ചെന്നു. പ്യാരിലാൽ ഉറങ്ങിക്കഴിഞ്ഞപ്പോൾ ഭാ-ണ്ഡവും മടിക്കുത്തും തലപ്പാവും എന്തിന്, പ്യാരിലാലിന്റെ തലയണപോലും സുബേബ് കീറി പരിശോധിച്ചു. പക്ഷേ പണം കണ്ടെത്താനായില്ല!

നേരം വെളുത്തപ്പോൾ പതിവു പുഞ്ചിരിയോടെ പ്യാരിലാൽ ഉണർന്നു. അയാൾ സുബേബുവിന് ഭക്ഷണം വാങ്ങിക്കൊടുത്തു.

ക്ഷമ നശിച്ച സുബേബ് പ്യാരിലാലിനോട് ചോദിച്ചു:
"ഇന്നലെ കച്ചവടത്തിൽ നിങ്ങൾക്കു കിട്ടിയ പണം എന്തു ചെയ്തു?"

"അതു നീയെന്തിനറിയണം?"
പ്യാരിലാൽ ചോദിച്ചു.

അപ്പോൾ സുബേബ് എല്ലാം തുറന്നു പറഞ്ഞു:
"ഞാനൊരു കള്ളനാണ്. കച്ചവടത്തിൽ കിട്ടിയ പണം തട്ടിയെടുക്കാനാണ് നിങ്ങളുടെ പിന്നാലെ കൂടിയത്. രണ്ടു ദിവസം ശ്രമിച്ചിട്ടും എനിക്കത് കണ്ടുപിടിക്കാൻ സാധിച്ചില്ല."

അതുകേട്ട് പ്യാരിലാൽ പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു: "അധ്വാനിച്ചു പണമുണ്ടാക്കുന്നവന് അത് സൂക്ഷിക്കാനും കഴിയണം."

സുബേബ് ഒന്നും മനസ്സിലാവാതെ അന്തം വിട്ട് നിൽക്കുകയായിരുന്നു. പ്യാരിലാൽ തുടർന്നു:
"ഞാൻ ഒരു ദിവസം കച്ചവടം ചെയ്തുണ്ടാക്കിയ പണം തട്ടിയെടുക്കാൻ നീ നിന്റെ രണ്ടു ദിവസം നഷ്ടപ്പെടുത്തി!"

“ശരിയാണ്. വളരെ പ്രയാസകരമായ ജോലിയാണ് മോഷണം. പിടിക്കപ്പെട്ടാൽ അടിയും കിട്ടും തടവുശിക്ഷയും കിട്ടും. കുടുംബത്തിനും സുഹൃത്തുക്കൾക്കും നാണക്കേടുമുണ്ടാകും.” സുരേഷ് വിഷമത്തോടെ പറഞ്ഞു.

“ജോലിചെയ്ത് പണം സമ്പാദിക്കുന്നതിന്റെ സന്തോഷമൊന്നും തട്ടിയെടുക്കുന്നവർക്ക് കിട്ടില്ല.” പ്യാരിലാൽ പറഞ്ഞു.

“നിങ്ങൾ അധ്വാനിച്ചുണ്ടാക്കിയ പണം എങ്ങനെയാണ് എന്റെ കണ്ണിൽ പെടാതെ സൂക്ഷിച്ചതെന്ന് പറയൂ.” സുരേഷ് ആകാംക്ഷയോടെ പ്യാരിലാലിനോട് ചോദിച്ചു.

“മോഷണവും പിടിച്ചുപറിയും അവസാനിപ്പിച്ച് നല്ല മനുഷ്യനായി ജീവിക്കാം എന്ന് ഉറപ്പുതന്നാൽ ഞാൻ പറയാം.” സുരേഷ് വാക്കു കൊടുത്തു.

ഒരു ചെറുപുഞ്ചിരിയോടെ സുരേഷിന്റെ തോളിൽ തട്ടിക്കൊണ്ട് പ്യാരിലാൽ പറഞ്ഞു: “എന്റെ പണം രണ്ടു ദിവസവും സൂക്ഷിച്ചത് നീയാണ്!”

സുരേഷ് അതു കേട്ട് അമ്പരന്നു നിന്നു. “ഞാനോ?”

പ്യാരിലാൽ തുടർന്നു:

“അതെ. നീ എന്റെ കൂടെ കൂടിയത് എന്തിനാണെന്ന് എനിക്ക് നേരത്തേ മനസ്സിലായി.”

അതു പറഞ്ഞ് പ്യാരിലാൽ സുരേഷിന്റെ തലയണ കൈയിലെടുത്തു. എന്നിട്ട് അതിനകത്തെ കീറലിലൂടെ കൈയിട്ട് പണം പുറത്തെടുത്ത് കാണിച്ചു.

സുരേഷ് തലയിൽ കൈ വച്ച് നിന്ന് പോയി. താൻ തേടി നടന്നത് തന്റെ തലയ്ക്കടിയിൽ തന്നെ ഉണ്ടായിരുന്നു!

പിന്നീടൊരിക്കലും സുരേഷ് മോഷ്ടിച്ചിട്ടില്ല. അവൻ നല്ല മനുഷ്യനായി ജീവിച്ചു.